**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5336** **12-08-2021 - ൽ മറുപടിയ്ക്ക്**

**ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വ്യാവസായിക സംരംഭങ്ങൾക്ക് ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (എ) | ഇലക്ട്രിസിറ്റി ആക്ട്, 2003 പ്രകാരം വൈദ്യുതി ഉൽപ്പാദന നിലയങ്ങൾ ആരംഭിക്കുന്നതിന് റെഗുലേറ്ററി കമ്മീഷനുകളുടെ അനുമതി ആവശ്യമില്ല. കേരളത്തിൽ, ചെറുകിട ജല വൈദ്യുത പദ്ധതികൾ അനുവദിക്കുന്നതിനുള്ള അധികാരം കേരള സർക്കാരിൽ നിക്ഷിപ്തമാണ്. ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരമാണ് ചെറുകിട ജല വൈദ്യുത പദ്ധതികൾ ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസേഴ്സ് (CPP) അടിസ്ഥാനത്തിലും ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസേഴ്സ് (IPP) അടിസ്ഥാനത്തിലും അലോട്ട് ചെയ്യുന്നത്. മത്സര ദർഘാസ് പ്രകാരം ബൂട്ട് അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതികൾ അനുവദിച്ച് വരുന്നത്. സർക്കാരിലേക്ക് മെഗാവാട്ട് ഒന്നിന് 15 ലക്ഷം രൂപയോ അതിൽ കൂടുതലോ പ്രീമിയം നൽകാൻ തയ്യാറുള്ള കമ്പനികളിൽ നിന്നും ഏറ്റവും കൂടുതൽ പ്രീമിയം ക്വാട്ട് ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് അവയുടെ ആസ്തിയെ അടിസ്ഥാനമാക്കി 25 മെഗാവാട്ട് വരെ സ്ഥാപിത ശേഷിയുള്ള പദ്ധതികൾക്ക് അനുമതി നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ